ഴ്സ്മെന്റ് സംബന്ധിച്ച് ഓരോ സാമ്പത്തിക വർഷവും ചെലവായ തുകയുടെ വിവരം അനുബന്ധമായി (I ആന്റ് II)† ചേർത്തിരിക്കുന്നു. മറ്റു ചെലവുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) മന്ത്രിമാരുടെ എല്ലാ ചെലവുകളേയും സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളൂ. അതിനാൽ ശരാശരി ചെലവായ തുകയെ സംബന്ധിച്ച വിവരം ഇപ്പോൾ ലഭ്യമല്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

മന്ത്രിസഭാംഗങ്ങളുടെ വിദേശപര്യടനം

5 (5)ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഏതെല്ലാം മന്ത്രിമാരും ചീഫ് വിപ്പും വിദേശപര്യടനം നടത്തിയിട്ടുണ്ട്;

(ബി) ഇവരിൽ മുഖ്യമന്ത്രിയും മറ്റോരോ മന്ത്രിമാരും എത്ര പ്രാവശ്യം വീതം വിദേശ പര്യടനം നടത്തി;

(സി) ഓരോ പ്രാവശ്യവും നടത്തിയ വിദേശപര്യടനത്തിൽ ഓരോരുത്തരും ഏതെല്ലാം വിദേശ രാജ്യങ്ങൾ സന്ദർശിച്ചു;

(ഡി) ഈ വിദേശ രാജ്യങ്ങൾ സന്ദർശിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ഇ) സംസ്ഥാനത്തിന്റെ വ്യാവസായിക വികസനം മുൻനിർത്തി വിദേശ വ്യവസായികളെ സംസ്ഥാനത്തേക്ക് ക്ഷണിക്കുന്നതിനുവേണ്ടി ഏതെല്ലാം മന്ത്രിമാർ വിദേശപര്യടനം നടത്തി;

(എഫ്)സംസ്ഥാന ഗവൺമെന്റിന്റെ ചെലവിലല്ലാതെ ഏതെല്ലാം മന്ത്രിമാർ വിദേശപര്യടനം നടത്തിയിട്ടുണ്ട്;

(ജി) അവർ ആരുടെ ചെലവിലാണ് വിദേശപര്യടനം നടത്തിയതെന്ന് അറിയിക്കുമോ;

(എച്ച്) വിദേശപര്യടനം നടത്തിയ മന്ത്രിമാർക്ക് എന്തു തുകയ്ക്കുള്ള വിദേശനാണ്യം അനുവദിക്കുകയും അവർ കൈപ്പറ്റുകയും ചെയ്തു;

(ഐ) വിദേശ പര്യടനം നടത്തിയ മന്ത്രിമാരോരുത്തരും അതിനു വേണ്ടി മാത്രം ഒട്ടാകെ ടി.എ., ഡി.എ., എന്റർടൈൻമെന്റ് അലവൻസ് മറ്റു ചെലവുകൾ എന്നീ ഇനങ്ങളിൽ എന്തു തുക വീതം കൈപ്പറ്റിയിട്ടുണ്ട്?

ഉത്തരം

(എ)-(ഡി) മറുപടി അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു†

(ഇ) മുഖ്യമന്ത്രി, വ്യവസായ വകുപ്പുമന്ത്രി എന്നിവർ കേരളത്തിന്റെ വിവിധ മേഖലകളിലെ വികസനസാദ്ധ്യതകൾ ആരായാനായിരുന്നു എല്ലാ മന്ത്രിമാരുടേയും വിദേശയാത്രാലക്ഷ്യം.

(എഫ്)ആരും നടത്തിയിട്ടില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ചോദ്യം ഉദിക്കുന്നില്ല.

(എച്ച്)&(ഐ) പൂർണ്ണ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

മന്ത്രിസഭാംഗങ്ങളുടെ വിദേശയാത്ര

6 (6)ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സംസ്ഥാന മന്ത്രിമാർ വിദേശരാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്; ആരെല്ലാം; ഓരോരുത്തരും സന്ദർശിച്ച രാജ്യങ്ങൾ ഏതെല്ലാം;

(ബി) ഈ യാത്രയിൽ മന്ത്രിമാരോടൊപ്പം യാത്രചെയ്തിട്ടുള്ള പേഴ്സണൽ സ്റ്റാഫ് മറ്റ് സർക്കാർ ഉദ്യോഗസ്ഥൻമാർ എന്നിവർ ആരെല്ലാം;

(സി) മന്ത്രിമാരും, പേഴ്സണൽ സ്റ്റാഫ് അംഗങ്ങളും, ഉദ്യോഗസ്ഥൻമാരും, ഓരോരുത്തരും ഈ യാത്രയ്ക്കായി ചിലവഴിച്ച തുക എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുൾപ്പെടെ പതിനൊന്നു മന്ത്രിമാർ വിദേശരാജ്യങ്ങൾ സന്ദർശിച്ചു.

1. ശ്രീ. ഇ.കെ. നായനാർ:- അമേരിക്ക, ജർമ്മനി, നെതർലാന്റ്, സ്വിറ്റ്സർലാന്റ്, യു.എ.ഇ., കാനഡ, ഫ്രാൻസ്, ഇറ്റലി, ദോഹ, ഒമാൻ, മസ്ക്കറ്റ്, അബുദാബി, ദുബായ്, കുവൈറ്റ്

2. ശ്രീ. പി.ജെ. ജോസഫ്:- ഫ്രാങ്ക്ഫർട്ട്, റോം, ലണ്ടൻ, അമേരിക്ക, ബഹറൈൻ, കുവൈറ്റ്, ജർമ്മനി, നെതർലാന്റ്, സ്വിറ്റ്സർലാന്റ്, യു.എ.ഇ., ഇറ്റലി, ദോഹ, ദുബായി.

3. ശ്രീ. ടി.കെ. രാമകൃഷ്ണൻ:- ജർമ്മനി, ലണ്ടൻ, കുവൈറ്റ്, അമേരിക്ക.

4. ശ്രീ. പിണറായി വിജയൻ:- കാനഡ, അമേരിക്ക, ഫ്രാൻസ്, ഇറ്റലി, ചൈന, സിങ്കപ്പൂർ.

5. ശ്രീ. എ.സി. ഷൺമുഖദാസ:- അമേരിക്ക

6. ശ്രീ. കെ. രാധാകൃഷ്ണൻ:- ക്യൂബ

7. ശ്രീ. കെ.ഇ. ഇസ്മയിൽ:- ഖത്തർ (ദോഹ), യു.എ.ഇ., കുവൈറ്റ്, ദുബായ്, അബുദാബി.

8. ശ്രീ. പി.ആർ. കുറുപ്പ്:- അമേരിക്ക, ജർമ്മനി, നെതർലാന്റ്, സ്വീഡൻ.

9. ശ്രീമതി സുശീലാഗോപാലൻ:- ഈജിപ്ത്, വിയറ്റ്നാം, അബുദാബി, ദുബായ്, മസ്കറ്റ്

10. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ:- അബുദാബി, ദുബായ്, ദോഹ, ഇസ്രയേൽ.

LIBRARY ARCHIVES Kerala Legislative Assembly